## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1269 — 06.03.2018- ൽ മറുപടിയ്ക്ക്

## റബ്ബർ കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് പരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ ( കൃഷി വകുപ്പ് മന്ത്രി)** |
| റബ്ബർ വിലത്തകർച്ച മൂലം ബുദ്ധിമുട്ടുന്ന റബ്ബർ കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൃഷിവകുപ്പ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനു വേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി (RPIS) നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150/-രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയതിൽ കർഷകർക്ക് വിതരണം നടത്തി വരുന്നു. മേൽ പദ്ധതിയ്ക്ക് പുറമേ ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കിലോയ്ക്ക് പരമാവധി വർദ്ധിപ്പിച്ച 20 ശതമാനമോ 30/- രൂപയോ ഏതാണോ കുറവ് എന്നത് ആക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ തന്നെ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് സ്വാഭാവിക റബ്ബർ ഉപയോഗിച്ച ഉപഭോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര വാണിജ്യ |

വകുപ്പ് കേന്ദ്ര ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്ക്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും, കേന്ദ്രസർക്കാരിന്റെ ലൈവലി ഹുഡ് സെക്യൂരിറ്റി ബോക്സിലും ലും രാജ്യാന്തര വാണിജ്യ - വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് 22/2/2018 -ൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ്ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്നകാര്യവും, റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150/- രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായി അധിക സഹായം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ